# Sacramentals
## കൂദാശാനുകരണങ്ങൾ

1 What are the Sacramentals? / കൂദാശാനുകരണങ്ങൾ എന്നാലെന്ത് ?

**Answer:** Sacramentals are the sacred signs instituted by the Church. They prepare the faithful to receive the fruits of the sacraments and sanctify different circumstances of life./കൂദാശാനുകരണങ്ങൾ സഭ സ്ഥാപിച്ചിട്ടുള്ള വിശുദ്ധ അടയാളങ്ങളാകുന്നു. കൂദാശയുടെ ഫലം സ്വീകരിക്കുവാനും ജീവിതത്തിന്റെ വിവിധ സാഹചര്യങ്ങളെ വിശുദ്ധീകരിക്കാനും അവ മനുഷ്യരെ ഒരുക്കുന്നു. (CCC 1677)

2 What is the purpose of the Sacramentals? / കൂദാശാനുകരണങ്ങളുടെ ലക്ഷ്യമെന്ത്?

**Answer:** Their purpose is to sanctify various life conditions, situations, life- related celebrations, places and things of the faithful/ സഭാമക്കളുടെ വിവിധ ജീവിതാവസ്ഥകളേയും, സാഹചര്യങ്ങളെയും ജീവിതവുമായി ബന്ധപ്പെട്ട ആഘോഷങ്ങളെയും സ്ഥലങ്ങളെയും വസ്തുക്കളെയും വിശുദ്ധീകരിക്കുകയാണ് ഇവയുടെ ലക്ഷ്യം. (CCC 1667-1668)

3 What all are the things that the Sacramentals sanctify? / കൂദാശാനുകരണങ്ങൾ വിശുദ്ധീകരിക്കുന്നത് ഏതൊക്കെ കാര്യങ്ങളെയാണ്?

**Answer:** Persons, Things and Places/ വ്യക്തികൾ, വസ്തുക്കൾ, സ്ഥലങ്ങൾ (CCC 1667-1673)

4 What are the rituals involved in the administration of Sacramentals? / ഓരോ കൂദാശാനുകരണങ്ങളിലും അനുഷ്ഠിക്കേണ്ട കർമ്മകളേവ?

**Answer:** Each Sacramental includes distinctive prayers, laying on of hands, making the sign of the cross, sprinkling of holy water, blessing and incense. / ഓരോ കൂദാശാനുകരണങ്ങളുടെയും പ്രത്യേകമായ പ്രാർത്ഥനകൾ കൂടാതെ കൈവയ്പ്പ്, കുരിശടയാളം വരയ്ക്കൽ, വിശുദ്ധജലം തളിക്കൽ, ആശിർവദിക്കൽ, ധൂപിക്കൽ തുടങ്ങിയ കർമ്മങ്ങൾ ഉണ്ടാകും. (CCC 1668)

5 Who administer the Sacramentals? / കൂദാശാനുകരണങ്ങളുടെ പരികർമ്മം നിർവഹിക്കുന്നത് ആരെല്ലാം?

**Answer:** The Ordained Ministers (Bishops, Priests and the Deacons)/ ശുശ്രൂഷാപൗരോഹിത്യം ലഭിച്ചവർ (മെത്രാന്മാർ, വൈദികർ, ഡീക്കന്മാർ) CCC 1669

6 Where do the Sacraments and the Sacramentals draw the strength from? / എല്ലാ കൂദാശകളും കൂദാശാനുകരണങ്ങളും ശക്തി സ്വീകരിക്കുന്നത് എവിടെ നിന്നാണ്?

**Answer:** From the Paschal mystery of the Passion, Death and Resurrection of Jesus Christ. / മിശിഹായുടെ പീഡാനുഭവവും, മരണവും, ഉത്ഥാനവുമാകുന്ന പെസഹാ രഹസ്യത്തിൽ നിന്ന് (CCC 1670)

7 Which are the Sacramentals mentioned in the Particular Law of the Syro-Malabar Church, Article 192?/ സീറോ മലബാർ സഭയുടെ പ്രത്യേക നിയമാവലി, ആർട്ടികൾ 192ൽ പരാമർശിച്ചിരിക്കുന്ന കൂദാശാനുകരങ്ങൾ ഏതെല്ലാം?

**Answer:** Sacramentals are blessings of persons, meals, objects and places, such as religious profession, blessing of the oil, dedication of the church, bterothal and exorcism./ കൂദാശാനുകരണങ്ങൾ ഇവയാണ് വ്യക്തികളുടെയും ഭക്ഷണത്തിന്റെയും വസ്തുക്കളുടെയും സ്ഥലങ്ങളുടെയും ആശീർവാദം അഥവാ വെഞ്ചിരിപ്പ്, ദേവാലയകൂദാശ, സമർപ്പിതരുടെ പ്രതിഷ്ഠ, വിവാഹനിശ്ചയം, പിശാചുബഹിഷ്കരണകർമ്മം (ആർട്ടിക്കിൾ 192)

8 State four comparisons between the Sacraments and the Sacramentals/ കൂദാശകളും കൂദാശാനുകരണങ്ങളും തമ്മിലുള്ള നാല് താരതമ്യങ്ങൾ പറയുക?

- The Sacraments are instituted by Jesus Christ. Sacramentals are instituted by the Holy Church/ കൂദാശകൾ ഈശോ സ്ഥാപിച്ചതാണ്. കൂദാശാനുകരണങ്ങൾ തിരുസഭ സ്ഥാപിച്ചതാണ്
- Sacraments give us Grace. Sacramentals help us to live in a state of Grace / കൂദാശകൾ കൃപ നൽകുന്നു. കൂദാശാനുകരണങ്ങൾ കൃപാവസ്ഥയിൽ ജീവിക്കാൻ നമ്മെ സഹായിക്കുന്നു.
- The number of Sacraments are fixed in to seven but the Sacramentals are not fixed by number. / കൂദാശകൾ ഏഴെണ്ണമായി നിജപ്പെടുത്തിയിരിക്കുന്നു എന്നാൽ കൂദാശാനുകരണങ്ങളുടെ എണ്ണം നിജപ്പെടുത്തിയിട്ടില്ല
- Among the seven , three of the Sacraments (Baptism, Chrismation and Holy Orders), that make indelible Character can be received only once where as the Sacramentals can be repeated as the situation demands / ഏഴ് കൂദാശകളിൽ മായാത്ത മുദ്രപതിപ്പിക്കുന്ന കൂദാശകൾ (മാമ്മോദീസ, തൈലാഭിഷേകം, തിരുപ്പട്ടം) ഒരിക്കൽ മാത്രമേ സ്വീകരിക്കാവൂ. കൂദാശാനുകരണങ്ങൾ ജീവിത സാഹചര്യമനുസരിച്ചു ആവർത്തിക്കാം

## Consecration of the Religious /സമർപ്പിതരുടെ പ്രതിഷ്ഠാ കർമ്മം

9 What is meant by the Consecration of the Religious? /സമർപ്പിതരുടെ പ്രതിഷ്ഠാകർമ്മം കൊണ്ട് അർത്ഥമാക്കുന്നതെന്ത്?

**Answer:** Consecration of the Religious is a Sacramental ritual that separates, consecrates and sanctifies those who willfully dedicate their lives to God and to the service of the Divine/ ദൈവത്തിനും ദൈവശുശ്രുഷക്കുമായി ജീവിതം പൂർണമായി സമർപ്പിക്കുവാൻ തയ്യാറാകുന്ന വ്യക്തികളെ ദൈവത്തിനായി വേർതിരിച്ചു വിശുദ്ധീകരിച്ച് പ്രതിഷ്ഠിക്കുന്ന കർമ്മമാണ് സമർപ്പിതരുടെ പ്രതിഷ്ഠാകർമ്മം. (SMC C 347)

10 What is the reason that the consecration ceremony of the candidate is called Religious Profession? / സമർപ്പിതരുടെ പ്രതിഷ്ഠാകർമ്മത്തെ വ്രതവാഗ്ദാനകർമ്മമെന്ന് വിളിക്കപ്പെടാൻ കാരണമെന്ത്?

**Answer:** It is known as religious profession because the consecration of the candidate includes a promise to live by the vows of obedience, celibacy and poverty/ സമർപ്പിതരുടെ പ്രതിഷ്ഠാ കർമ്മത്തിൽ അനുസരണം, ബ്രഹ്മചര്യം, ദാരിദ്ര്യം എന്നീ വ്രതങ്ങൾ പാലിച്ച് ജീവിച്ചുകൊള്ളാമെന്ന വാഗ്ദാനം ഉൾകൊള്ളുന്നതുകൊണ്ട് ഇത് വ്രതവാഗ്ദാനകർമ്മമെന്ന് അറിയപ്പെടുന്നു. (SMC-C 347)

11 What are the most important blessings intended for 'persons' as per CCC 1672?/ CCC 1672 അനുസരിച്ച് 'വ്യക്തികൾക്കുള്ള' ആശിർവാദങ്ങളിൽ പ്രധാനപ്പെട്ടവ ഏതെല്ലാം?

**Answer:** Blessing of the Abbot, Consecration of the Virgins, Profession of Vows / ആബട്ട് സ്ഥാനം, കന്യകളുടെ സമർപ്പണം, വ്രതവാഗ്ദാനച്ചടങ്ങുകൾ

12 Who accepts the vows of the candidates in the ceremony of Consecration? സമർപ്പിതരുടെ പ്രതിഷ്ഠാകർമ്മത്തിൽ സമർപ്പണം ചെയ്യുന്നവരുടെ വ്രതവാഗ്ദാനം സ്വീകരിക്കുന്നത് ആരാണ് ?

**Answer:** The superior of that religious communtiy to which that person belongs/ആ വ്യക്തി ഉൾപ്പെടുന്ന സന്യാസ സമൂഹത്തിന്റെ മേലധികാരി (SMC-C 348)

## Blessing of the Mooron Oil/ മൂറോൻ കൂദാശകർമ്മം

13 What is the most significant ritual while blessing the Mooron oil? /കൂദാശാനുകരണങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട മൂറോൻകൂദാശയുടെ പ്രധാന കർമ്മം എന്താണ് ?

**Answer:** The most significant ritual in the blessing of the Mooron is the making of the sign of the cross on the ointment by the bishop, praying that, "May the Holy Spirit rise and rest on it to set apart, bless and sanctify it." /കർത്താവിന്റെ പരിശുദ്ധാത്മാവ് എഴുന്നള്ളിവന്ന് ഈ തൈലത്തിന്റെമേൽ ആവസിച്ച് ഇതിനെ വേർതിരിക്കുകയും, വിശുദ്ധീകരിക്കുകയും, പവിത്രീകരിക്കുകയും ചെയ്യണമെന്ന് അപേക്ഷിച്ചുകൊണ്ട് മെത്രാൻ നടത്തുന്ന ആശിർവാദപ്രാർത്ഥനയും, കുരിശടയാളത്തിൽ റൂശ്മ ചെയ്യലുമാണ് മൂറോൻ കൂദാശയുടെ പ്രധാന കർമ്മം

14 Which are the Sacraments/ rituals in the Syro-Malabar Church where the consecrated Mooron is used? /സീറോമലബാർ സഭയിൽ കൂദാശ ചെയ്യപ്പെട്ട മൂറോൻ ഉപയോഗിക്കുന്നത് ഏതെല്ലാം കർമ്മങ്ങൾക്കാണ് ?

**Answer:** Answer: The anointment with the Mooron is done on the candidate for the Sacrament of Chrismation. It also is used to bless the Baptismal water and oil. തൈലാഭിഷേകമെന്ന കൂദാശയിൽ അർത്ഥിയെ ലേപനം ചെയ്യുന്നതിനും മാമോദീസ ജലവും, തൈലവും ആശീർവദിക്കുന്നതിനുമാണ് മൂറോൻ തൈലം ഉപയോഗിക്കുന്നത്.

## Consecration of the Church / ദേവാലയ കൂദാശകർമ്മം

15 Which are the most important blessings done towards the service of the Church for Divine Worship? / ആരാധനാപരമായ സഭാശുശ്രുഷക്കായുള്ള വെഞ്ചിരിപ്പുകളിൽ പ്രധാനപെട്ടവയേതെല്ലാം?

**Answer:** Consecration of the Altar, Blessing of the Mooron, blessing of the vessels, vestments etc that are used for the liturgical services/ അൾത്താര കൂദാശചെയ്യൽ, മൂറോൻ വെഞ്ചരിപ്പുകൾ, തിരുവസ്ത്രങ്ങൾ, പാത്രങ്ങൾ മുതലായവയുടെ വെഞ്ചിരിപ്പ്

16 What are the important rituals done towards the Consecration of a Church? /ദേവാലയ കൂദാശകർമ്മത്തിന്റെ അടയാളമായി ചെയ്യുന്ന കാര്യങ്ങൾ എന്തെല്ലാം ?

**Answer:** The solemnizing bishop anoints the Altar, the wall behind it, the walls on both sides of the church, and the main gate with holy oil and incenses in the name of the Father, the Son, and the Holy Spirit. After that, he sanctifies the church and its surroundings by sprinkling the holy water./ കാർമ്മികനായ മെത്രാൻ വിശുദ്ധ തൈലം പൂശി ബലിപീഠവും അതിന്റെ പിറകിലുള്ള ചുവരും, ദേവാലയത്തിന്റെ ഇരുവശങ്ങളിലുള്ള ചുവരുകളും, പ്രധാനകവാടവും പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ റൂശ്മ ചെയ്യുകയും ധൂപിക്കുകയും ചെയ്യുന്നു. അതേത്തുടർന്ന് കാർമ്മികൻ  വിശുദ്ധജലം തളിച്ച് ദേവാലയവും പരിസരവും വിശുദ്ധീകരിക്കുന്നു.

## Funeral Service / മൃതസംസ്കാരകർമ്മം

17 Which are the major petitions that are included in the funeral prayers of the Syro-Malabar Church?/സീറോമലബാർ സഭയിലെ  മൃതസംസ്കാരകർമ്മത്തിൽ പ്രധാനമായും ഉൾച്ചേർത്തിരിക്കുന്ന പ്രാർത്ഥനകളേവ?

**Answer:** They include the prayers for the forgiveness of the sins of the deceased and remission of debts and admission to eternal life, and also prayers to comfort the family members who are saddened by the separation /പരേതരുടെ പാപങ്ങൾക്ക് മോചനവും കടങ്ങൾക്ക് പൊറുതിയും നൽകി നിത്യജീവിതത്തിലേക്ക് പ്രവേശിപ്പിക്കണമെന്നും, വേർപാടിൽ ദുഖിതരായിരിക്കുന്ന കുടുംബാംഗങ്ങളെ ആശ്വസിപ്പിക്കണമേയെന്നുള്ള പ്രാർത്ഥനകളാണ് ഉൾച്ചേർത്തിരിക്കുന്നത്.

18 How many phases are there in the funeral service of lay persons and children? / അല്മയരുടെയും കുട്ടികളുടെയും മൃതസംസ്കാര ശുശ്രൂഷക്ക് എത്ര ഘട്ടങ്ങളാണുള്ളത്?

**Answer:** Three phases: At home, at church and the final rites at the cemetery / മൂന്ന് ഘട്ടങ്ങൾ: വീട്ടിൽ, ദേവാലയത്തിൽ, സെമിത്തേരിയിൽ

19 How many phases are there in the funeral service of the bishops, priests and religious? /മെത്രന്മാർ, വൈദികർ സന്യാസിനീസന്യാസിമാരുടെ മൃതസംസ്കാരശുശ്രൂഷക്ക് എത്ര ഭാഗങ്ങളാണുള്ളത്?

**Answer:** Four parts: At the presbytery / in the room of the deceased, at the church, the Holy Eucharist and the final rites at the cemetery./ നാല് ഭാഗങ്ങൾ. ഒന്നാം ഭാഗം പള്ളിമുറിയിൽ വച്ച് / മരിച്ചയാളുടെ മുറിയിൽ വച്ച്, രണ്ടാം ഭാഗം ദേവാലയത്തിൽ വച്ച്, മൂന്നാം ഭാഗം വിശുദ്ധ കുർബാന, നാലാം ഭാഗം അന്തിമ കർമ്മങ്ങൾ സെമിത്തേരിയിൽ

20 The oblation paid by the participants in the posthumous rituals such as Shraaddha, Pulayadiantara and Death Anniversary is used for the expiatory sacrifice of the person remembered. Where in the Bible do we find a passage that directly validates this concept? / ശ്രാദ്ധം പുലയടിയന്തരം മരണവാർഷികം തുടങ്ങിയ മരണാനന്തര കർമ്മങ്ങളിൽ പങ്കെടുക്കുന്നവർ നൽകുന്ന കാഴ്ച്ചപ്പണം, അനുസ്മരിക്കപ്പെടുന്നയാളുടെ പാപപരിഹാരബലിക്കായി ഉപയോഗിക്കുന്നു. ഇതിനെ നേരിട്ട് സാധൂകരിക്കുന്ന തിരുവചനഭാഗം ബൈബിളിൽ എവിടെയാണ് നാം കാണുന്നത്?

**Answer:** 2 Mccabees 12;39-46 / മക്കബായരുടെ രണ്ടാമത്തെ പുസ്തകം 12;39-46

## Excommunication of the devil / പിശാച് ബഹിഷ്കരണം

21 What is meant by exorcism? /പിശാച് ബഹിഷ്കരണം എന്നതുകൊണ്ട് എന്താണർത്ഥമാകുന്നത് ?

**Answer:** It is a public and authoritative prayer in the name of the Christ to protect a person or thing from the influence of the evil and deliver from its dominion./ ദുഷ്ടാരൂപിയുടെ ശക്തിയിൽ നിന്നും ഒരു വ്യക്തിയെയോ, വസ്തുവിനെയോ സംരക്ഷിക്കണമെന്നും അവന്റെ ആധിപത്യത്തിൽ നിന്നും വിടുവിക്കണമെന്നും മിശ്ശിഹായുടെ നാമത്തിൽ പരസ്യമായും ആധികാരികമായും നടത്തുന്ന പ്രാർത്ഥനയാണിത്

22 From whom does the church receive the power and mission to cast out the devil?/ സഭ പിശാച് ബഹിഷ്കരണത്തിനുള്ള ശക്തിയും ദൗത്യവും സ്വീകരിക്കുന്നത് ആരിൽ നിന്നുമാണ് ?

**Answer:** From Jesus (Mathew 10:01)/ ഈശോയിൽ നിന്നും (മത്തായി 10: 01)

23 Whose permission is required when a priest performs an official exorcism? / ഔദ്യോഗികമായ പിശാച് ബഹിഷ്കരണം പുരോഹിതൻ നടത്തുമ്പോൾ ആരുടെ അനുവാദമാണ് ആവശ്യമുള്ളത് ?

**Answer:** Permission of the Bishop / മെത്രാന്റെ അനുവാദമാണ് ആവശ്യമുള്ളത്

Blessings / വെഞ്ചരിപ്പുകൾ / ആശീവാദങ്ങൾ

24 What do the blessings give us?/ ആശിർവാദങ്ങൾ നമുക്ക് തരുന്നതെന്ത്?

**Answer:** Helps to grow with Grace, deliverance from the influence of evil, abiltiy to overcome evil, helps to lead a holy life./കൃപയിൽ ജീവിക്കുവാൻ സഹായിക്കുന്നു, തിന്മയുടെ ശക്തിയിൽനിന്ന് വിമോചനം, തിന്മയെ കീഴടക്കാൻ കഴിയുന്നു, വിശുദ്ധ ജീവിതം നയിക്കാൻ സഹായിക്കുന്നു.

25 What are the characteristics of the blessings given by the Church? / സഭ നൽകുന്ന ആശീർവാദങ്ങളുടെ പ്രത്യേകതകൾ എന്തെല്ലാമാണ്?

**Answer:** The Church gives the blessings in the name of Jesus Christ and with the sign of his Cross. / സഭ നൽകുന്ന ആശീർവാദങ്ങളെല്ലാം ഈശോയുടെ നാമത്തിലും അവിടുത്തെ കുരിശിന്റെ അടയാളത്തിലുമാണ്

26 Certain objects and places are set apart, sanctified and dedicated for the sacred activities through blessings. Give a few examples from them that are set apart for sacred service? /ആശിർവാദങ്ങൾ വഴി ചില വസ്തുക്കളും സ്ഥലങ്ങളും വിശുദ്ധ കർമ്മങ്ങൾക്കായി വേർതിരിക്കപ്പെടുകയും, വിശുദ്ധീകരിക്കപ്പെടുകയും സമർപ്പിക്കപ്പെടുകയും ചെയ്യുന്നു. അപ്രകാരം വേർതിരിക്കപ്പെട്ടവയ്ക്ക് ഉദാഹരണം നൽകുക?

**Answer:** Holy Water, Sacred Images, Chalice, Chapel, Cemetery, Medals, Rosary Vestment etc./ ഹന്നാൻ വെള്ളം, വിശുദ്ധ രൂപം, തിരുപാത്രം, കപ്പേള, സെമിത്തേരി മെഡൽ, ജപമാല, തിരുവസ്ത്രം തുടങ്ങിയവ.